(ബി) 1998 ജൂലൈ മുതൽ നൽകുവാനുള്ള ശമ്പള കുടിശ്ശിക, ഡി. എ. കുടിശ്ശിക എന്നിവ ഇതുവരെ നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ. ഇത് കൊടുക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ ആകെ എത്ര രൂപയാണ് ജീവനക്കാർക്ക് കൊടുക്കേണ്ടിവരിക എന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ തുക കൊടുക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1-7-1998 മുതലാണ് ഏറ്റവുമൊടുവിൽ സിഡ്കോയിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചത്. ഇതുസംബന്ധിച്ച ഉത്തരവ് 8-5-2000-ൽ ആണ് പുറപ്പെടുവിച്ചത്. പരിഷ്ക്കരിച്ച തോതിലുള്ള ശമ്പളം പണമായി 1-5-2000 മുതൽ നൽകിതുടങ്ങി.

(ബി) 1998 ജൂലൈമാസം മുതൽ ഡിസംബർ മാസം വരെയുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശിക ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനതകാരണമാണ് കുടിശ്ശിക നൽകാൻ കഴിയാത്തത്.

(സി) ഉദ്ദേശം 2.50 കോടി രൂപ വേണ്ടിവരും. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സിഡ്കോയ്ക്ക് നൽകാനുള്ള കുടിശ്ശിക

18 [3025] ശ്രീ. ലൂഡി ലൂയിസ്:

,, ജോർജ്ജ് ജെ. മാത്യു:

,, വി. ജെ. പൗലോസ്:

ശ്രീമതി മാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്ക്കോയുടെ ഡയറക്ടർ ബോർഡിന്റെ ഓരോ യോഗങ്ങളിലും ആ യോഗം കൂടുന്ന തീയതിവരെ പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിവരം സമർപ്പിക്കാറുണ്ടോ;

(ബി) എങ്കിൽ സിഡ്ക്കോ ഡയറക്ടർ ബോർഡ് അംഗങ്ങളായിട്ടുള്ളതും സിഡ്കോയിൽനിന്ന് സാധനങ്ങൾ വാങ്ങി അതിന്റെ വിലയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ വകുപ്പുമേലദ്ധ്യക്ഷൻമാർ അവരുടെ വകുപ്പിൽനിന്നും കൊടുക്കാനുള്ള തുക കൊടുക്കാത്തതിനെപ്പറ്റി എന്തഭിപ്രായമാണ് നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആ അഭിപ്രായപ്രകാരം തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) സിഡ്കോയുടെ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിനുമുമ്പ് സിഡ്കോ ഡയറക്ടർ ബോർഡ് അംഗങ്ങളായിട്ടുള്ള വകുപ്പുതലവൻമാരുടെ വകുപ്പുകൾ സിഡ്കോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തീർക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പിരിഞ്ഞ് കിട്ടാനുള്ള തുക ബോർഡ് യോഗത്തിൽ സമർപ്പിക്കാറുണ്ട്.

(ബി ആന്റ് സി) വകുപ്പുതിരിച്ച് പ്രത്യേകം ബോർഡിൽ സമർപ്പിക്കാറില്ല. ആയതിനാൽ വകുപ്പ് പ്രതിനിധികൾ അഭിപ്രായം നൽകേണ്ട സാഹചര്യം വന്നിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

ഗവൺമെന്റ് വകുപ്പുകൾ സിഡ്കോയ്ക്ക് നൽകാനുള്ള കുടിശ്ശിക

19 [3026] ശ്രീ. തമ്പാനൂർ രവി:

,, എ. പി. അനിൽകുമാർ:

,, ജോർജ് ജെ. മാത്യു:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിന്ന് ഫർണിച്ചർ ഏർപ്പാട് ചെയ്ത് സിഡ്കോ ഗവൺമെന്റ് വകുപ്പുകൾക്ക് വിതരണം ചെയ്യാറുണ്ടോ;

(ബി) 1991 മുതൽ ഇപ്രകാരം സാധനങ്ങൾ വിതരണം ചെയ്ത വകയിൽ ഗവൺമെന്റ് വകുപ്പുകൾ എന്തു തുക സിഡ്കോയ്ക്ക് കൊടുക്കാനുണ്ട്;

(സി) ഈ തുക കിട്ടാനുള്ള വിവരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) സിഡ്കോയ്ക്ക് ഗവൺമെന്റ് വകുപ്പുകൾ നൽകാനുള്ള കുടിശ്ശിക തുക നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകൾക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ മൊത്തം 2,40,10,135 രൂപ സിഡ്കോയ്ക്ക് ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly